കയർപിരി റാട്ടുകളുടെ പരിഷ്കരണത്തിനായി പ്രത്യേക പദ്ധതി

336 [1276] *ശ്രീ. എം. എ. വാഹീദ്*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർപിരി റാട്ടുകളുടെ പരിഷ്കരണത്തിനായി എന്തെങ്കിലും പ്രത്യേക പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതിക്ക് എത്ര രൂപ വകയിരുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ പരിഷ്കരണ പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാവുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കയർപിരി റാട്ടുകളുടെ പരിഷ്കരണത്തിനായി സി-ഡോക്കിനെ ചുമതലപ്പെടുത്തുകയും കയർപിരി റാട്ടുകളുടെയും ഡീ ഫൈബറിംഗ് മെഷീനുകളുടെയും മാറ്റിംഗ് ലൂമുകളുടെയും നവീകരണത്തിനായി 30 ലക്ഷം രൂപ 2004-2005 സാമ്പത്തിക വർഷം വിതരണം ചെയ്യുകയും ചെയ്തു. കൂടാതെ, കയർപിരി റാട്ടുകളുടെ പരിഷ്കരണത്തിനായി കയർ ബോർഡും ശ്രമങ്ങൾ നടത്തുന്നുണ്ട്.

(ബി) ഇതൊരു ഗവേഷണ പദ്ധതിയായതിനാൽ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാവുമെന്ന് പറയാനാവില്ല.

കയർ സഹകരണ സംഘങ്ങൾക്ക് തൊണ്ട് ലഭ്യമാക്കാൻ നടപടി

337 [1277] *ശ്രീ. എ. സി. ഷൺമുഖദാസ്*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ, തലക്കുളത്തൂർ, അത്തോളി, ഉള്ളിയേരി പഞ്ചായത്തുകളിലെ കയർ സഹകരണ സംഘങ്ങളിൽ ഇപ്പോൾ എത്ര പേർ ജോലി ചെയ്തുവരുന്നുണ്ട്;

(ബി) ഇവർക്കാവശ്യമായ തൊണ്ട് ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ തൊണ്ട് ലഭിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ, തലക്കുളത്തൂർ, അത്തോളി, ഉള്ളിയേരി പഞ്ചായത്തുകളിലെ കയർ സഹകരണ സംഘങ്ങളിൽ 1300 പേർ ജോലി ചെയ്തു വരുന്നു.

(ബി) ഉണ്ട്.

(സി) കയർ മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി 4-2-2005-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കുടുംബശ്രീ യൂണിറ്റുകൾ വ്യാപകമായി തൊണ്ട് ശേഖരിക്കുകയും ജില്ലാ പഞ്ചായത്തുകൾ ഇതിലേക്കാവശ്യമായ ധനസഹായവും, കയർ ബോർഡ് അടിസ്ഥാന സൗകര്യങ്ങളും നൽകുകയും ചെയ്യുമെന്ന് തീരുമാനിച്ചിരുന്നു. കൂടാതെ, കയർ വികസന വകുപ്പിലെ 10 പ്രോജക്ട് ഓഫീസർമാരുടെ കീഴിൽ കയർ സഹകരണ സംഘം പ്രതിനിധികൾ, കയർ ബോർഡ് പ്രതിനിധികൾ, ജില്ലാ പഞ്ചായത്ത് പ്രതിനിധികൾ, കയർ തൊഴിലാളി പ്രതിനിധികൾ, കുടുംബശ്രീ യൂണിറ്റ് പ്രതിനിധികൾ എന്നിവരടങ്ങുന്ന ഉപദേശക സമിതികൾ രൂപീകരിച്ച് തൊണ്ട് സംഭരണത്തിലുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ കമ്മിറ്റിയിൽ ചർച്ച ചെയ്ത് സർക്കാരിനെ അറിയിക്കണമെന്നും തീരുമാനിച്ചിരുന്നു. തൊണ്ട് സംഭരണത്തിന് ചില പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടെന്നാണ് മനസ്സിലാകുന്നത്.

ചകിരി ഇറക്കുമതി

338 [1278] *ഡോ. തോമസ് ഐസക്*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തേക്ക് ചകിരി ഇറക്കുമതി ചെയ്യുവാൻ കേന്ദ്ര സർക്കാർ എന്നാണ് അനുമതി നൽകിയത്;

(ബി) ഏത് ഏജൻസി മുഖാന്തിരം എത്ര ടൺ ചകിരി, എന്തു വിലയ്ക്ക് ഏതൊക്കെ രാജ്യങ്ങളിൽ നിന്നുമാണ് ഇറക്കുമതി ചെയ്യുന്നതെന്നും വെളിപ്പെടുത്തുമോ;

(സി) ഇറക്കുമതി ചെയ്യുന്ന ചകിരിയുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) ഇറക്കുമതി ചെയ്യുന്ന ചകിരി എപ്രകാരം വിനിയോഗിക്കുവാനാണ് നിശ്ചയിച്ചിരിക്കുന്നത്;

(ഇ) കയർ ഉത്പാദകർക്ക് എന്ത് വിലയ്ക്ക് ഇറക്കുമതി ചെയ്യുന്ന ചകിരി നൽകുമെന്ന് വെളിപ്പെടുത്തുമോ; ഇത് നിലവിലുള്ള വിലയേക്കാൾ എത്ര ശതമാനം കൂടുതൽ അഥവാ കുറവ് ആയിരിക്കുമെന്ന് അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly